LIBRARY ARCHIVES Kerala Legislative Assembly

കിൻഫ്രയുടെ പ്രവർത്തനം

17 [954] ശ്രീ. ടി. എം. ജേക്കബ് :
ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് :

(ബി) കിൻഫ്ര തയ്യാറാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ;

(സി) കെയർ കേരളം പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയെടുക്കുക എന്നതാണ് കിൻഫ്രയുടെ പ്രവർത്തന ലക്ഷ്യം.

(ബി) കിൻഫ്രയുടെ കളമശ്ശേരിയിലെ 240 ഏക്കറിൽ ഹൈടെക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഒരു ഹൈടെക് പാർക്ക് സ്ഥാപിച്ചുവരുന്നു. ഇതിനുവേണ്ട ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പ്രസ്തുത മാസ്റ്റർ പ്ലാനിൽ ബയോടെക്നോളജി മേഖല, ട്രേഡ് സെന്റർ, ഇൻസ്റ്റിറ്റ്യൂഷണൽ സോൺ, ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖല, ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കുവേണ്ടി ഒരു പ്രത്യേക സാമ്പത്തിക മേഖല, കമേഴ്സ്യൽ സോൺ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി കാക്കനാട്ട് 100 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. കഴക്കൂട്ടം ഫിലിം ആന്റ് വീഡിയോ പാർക്കിനോട് ചേർന്ന് അനിമേഷൻ ആന്റ് ഗെയിമിംഗിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖലയുടെ വികസനം.

(സി) കിൻഫ്രയും, കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി ചേർന്ന് കേരളത്തിലെ ആയുർവേദ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി കണ്ടെത്തുവാനും കേരളത്തെ ഒരു ആഗോള ലക്ഷ്യസ്ഥാനമാക്കി മാറ്റുവാനും ലക്ഷ്യമിട്ടുകൊണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രകാരം രജിസ്റ്റർ ചെയ്ത് രൂപം നൽകിയതാണ് കെയർ കേരളം. തൃശ്ശൂരിലെ കൊരട്ടിയിൽ കിൻഫ്രയുടെ കീഴിലുള്ള 10 ഏക്കർ സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം പ്രകാരം ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഈ പദ്ധതി നടത്തിപ്പിലേക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായമായി 21.76 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി & ഇ) ഉണ്ട്. കെയർ കേരളം പദ്ധതി കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും, ആയുർവേദ ഉൽപ്പന്ന നിർമ്മാതാക്കളും ചേർന്ന് സംയുക്ത മേഖലയിലാണ് നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വിഹിതമായി കിൻഫ്ര വഴി കൊരട്ടിയിലെ 10 ഏക്കർ ഭൂമിയും, 6200 sq.ft.-ലെ കോമൺ ഫസിലിറ്റി ബിൽഡിംഗും കെയർ കേരളത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

കെയർ കേരളം പദ്ധതിക്കായി താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതാണ്.

ആദ്യഘട്ടമായി ഗുണനിലവാരം ഉറപ്പാക്കുന്ന ലാബ്, കലർപ്പും ചേരുവയും പരിശോധിക്കുന്നതിനുള്ള ലാബ്, പൈലറ്റ് പ്ലാന്റ്, ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ഇതിന്റെ പ്രത്യേകതകൾ. രണ്ടാംഘട്ടമായി GMP സാങ്കേതിക വിദ്യാവികസനവും മൂന്നാം ഘട്ടമായി ഉൽപ്പാദനം, പാക്കിംഗ് തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സൗകര്യം എന്നിവയും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

വെളിച്ചക്കാല വോൾക്കം കമ്പനി നടത്തുന്ന അനധികൃത ഖനനം

18 [956] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ വെളിച്ചക്കാല വോൾക്കം കമ്പനി നടത്തുന്ന അനധികൃതമായ ഖനനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അവസാനമായി പരിശോധന നടത്തിയത് എന്നാണ് ;

(ബി) മുന്നൂറ് മീറ്ററിലധികം താഴ്ചയുള്ള ആറോളം അഗാധ ഗർത്തങ്ങൾ കൂടാതെ, വീണ്ടും ഖനനം നടത്തുവാൻ ആരാണ് അനുവാദം നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമൂലം പരിസരവാസികൾക്കുണ്ടാകുന്ന തൊഴിൽ രോഗവും, കുടിവെള്ള ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെളിച്ചക്കാല വോൾക്കം കമ്പനി നടത്തുന്ന ഖനനം നിയമാനുസൃതമുള്ള മൈനിംഗ് ലീസ് പ്രകാരമാണ്. ഏറ്റവും ഒടുവിൽ 2-1-2006-ലാണ് ജില്ലാ ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തിയത്.

(ബി) ശ്രീ. എൻ. എസ്. ബാബു എന്നയാൾ പ്രൊപ്രൈറ്റർ ആയിട്ടുള്ള ഭാരതി ക്ലേസ്, കൽപ്പക നഗർ, ചാക്ക, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 20 വർഷത്തെ കാലാവധിക്ക് 1996-ൽ ഗവൺമെന്റ് അനുവദിച്ച മൈനിംഗ് ലീസ് അവർ നിയമാനുസൃതം വെളിച്ചക്കാല വോൾക്കം കമ്പനിക്ക് കൈമാറിയിട്ടുള്ളതാണ്. ഇതിലെ ട്രാൻസ്ഫർ ഡീഡ് 29-3-2005-ൽ എക്സിക്യൂട്ടീവ് ചെയ്യുകയും 6-4-2005-ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു കഴിഞ്ഞതാണ്. പ്രസ്തുത ലീസ് പ്രദേശത്ത് ഇപ്പോൾ യാതൊരു ഖനന പ്രവർത്തനവും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly